MMB Newsletter
Vol. 4, Issue 3    May - June 2024

# 75 മണിക്കൂർ ആരാധന



**മരിയാപുരം :** മരിയാപുരം മിഷൻഹോമിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി 75 മണിക്കൂർ അഖണ്ഡ ആരാധന നടത്തി. മെയ് 22-ാം തീയതി മരിയാപുരം ഇടവക വികാരി റവ. ഫാ, നോബി അമ്പൂക്കൻ അർപ്പിച്ച ദിവ്യബലിക്ക് ശേഷം ആരംഭിച്ച അഖണ്ഡ ആരാധന 25-ാം തീയതി 11.30-ന് തൃശൂർ അതിരൂപതാ വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ മുഖ്യകാർമ്മികത്വം വഹിച്ച ദിവ്യബലിയ്ക്ക് മുമ്പ് ദിവ്യകാരുണ്യ ആശീർവ്വാദത്തോടെ സമാപിച്ചു. ബ്രദേഴ്സിനു പുറമെ നിരവധി വൈദികരും സന്യസ്തരും അത്മായരും അഖണ്ഡ ആരാധനയിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിച്ചു. ആരാധനാദിവസങ്ങളിൽ വൈകീട്ട് 7 മുതൽ 8 വരെ നടന്ന പ്രത്യേക തിരുമണിക്കൂറിന് വിവിധ വൈദികർ നേതൃത്വം നല്കി. പങ്കെടുത്ത എല്ലാവർക്കും ദിവ്യകാരുണ്യാനുഭവം പ്രദാനം ചെയ്യാൻ ഉതകുന്നതായിരുന്നു 75 മണിക്കൂർ അഖണ്ഡ ആരാധന.

# VESTITION & FIRST PROFESSION





**Mariapuram (Thrissur):** May 18, 2024 was a historic day for the Congregation of the Malabar Missionary Brothers, particularly for Assisi Province Bhopal. It will remain always a unique remembrance in the hearts and minds of MMB brothers and their relatives, friends, benefactors and well wishers. It was the day our novices Godwin Jose Thaikkattil made his vestition and first profession. The day was adorned by a high solemn mass presided over by Mar Tony Neeamkavil, auxiliary Bishop of the Arch Diocese of Thrissur. A good number of Brothers, priests, religious, relatives, friends, parishioners and well wishers were present in this graceful occasion. Very Rev. Bro. Sojan Paikada MMB, provincial superior of the Assisi Province, Bhopal welcomed all. Very Rev. Bro. Bastin Karuvelil, Superior General, & Very Rev. Bro. Jose Chungath MMB, provincial superior of the St. Thomas Province, Thrissur, congratulated and wished all successes to him. Newly professed Bro. Godwin Jose Thaikkattil expressed his gratitude to all.

PRECEPTS OF THE FOUNDER

**"Do not lose fraternal love by giving much importance to the rituals & rules of religious life".**

**Msgr. Zacharias Vazhappilly**
MMB Founder



# സമർപ്പിത സംഗമം



**മരിയാപുരം :** മരിയാപുരത്തുനിന്നുള്ള സമർപ്പിതരുടെ സംഗമം മിഷൻഹോമിന്റെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി മിഷൻഹോമിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. ഈ ദിവ്യകാരുണ്യ നിത്യാരാധനാകേന്ദ്രത്തിൽനിന്ന് ശക്തി സംഭരിച്ച് ദൈവവിളി സ്വീകരിച്ച നിരവധി സമർപ്പിതരാണ് മരിയാപുരം പ്രദേശത്തുനിന്നുള്ളത്. ഇവരിൽനിന്ന് 21 പേർ – 3 വൈദികരും 18 സന്യാസിനികളും ഈ സമർപ്പിത സംഗമത്തിൽ സംബന്ധിച്ചു. മലബാർ മിഷനറി ബ്രദേഴ്സിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ സംഗമം ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് ആശംസകൾ നേർന്നു. സമാപനത്തിൽ നടന്ന കൃതജ്ഞതാബലിയിൽ തൃശൂർ അതിരൂപതാ വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ മുഖ്യകാർമ്മികനായിരുന്നു. സമർപ്പിത സംഗമത്തിൽ സംബന്ധിച്ചിരുന്ന വൈദീകർ സഹകാർമ്മികരായി. മിഷൻഹോം സുപ്പീരിയർ ബ്രദർ സാവിയോ ഒലക്കേങ്കിൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും ബ്രദർ പൗലോസ് അരുമ്പൂപറമ്പിൽ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

# ഫ്രാൻസിസ്ക്കൻ യൂണിയൻ വാർഷിക സമ്മേളനം



**പൂത്തോൾ :** കേരള പ്രാൻസിസ്ക്കൻ ഫാമിലി യൂണിയൻ തൃശൂർ യൂണിറ്റിന്റെ വാർഷിക സമ്മേളനം തൃശൂർ പൂത്തോളിലെ കപ്പൂച്ചിൻ സമൂഹത്തിന്റെ കാൽവരി ആശ്രമത്തിൽവച്ച് സംഘടിപ്പിക്കപ്പെട്ടു. ഫ്രാൻസിസ്ക്കൻ സന്യസ്തരും അത്മായരും ഉൾപ്പെടുന്നതാണ് ഫ്രാൻസിസ്ക്കൻ ഫാമിലി യൂണിയൻ. വാർഷിക സമ്മേളനം കപ്പൂച്ചിൻ പ്രോവിൻഷ്യൽ സുപ്പീരിയർ ഫാ. ജെയ്സൺ കാളൻ കപ്പൂച്ചിൻ ഉദ്ഘാടനം ചെയ്തു. സമാപനസമ്മേളനത്തിൽ MMB സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ



അദ്ധ്യക്ഷത വഹിച്ചു. MMB സെന്റ് തോമസ് പ്രോവിൻസ് പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് ആശംസകൾ നേർന്നു. കപ്പൂച്ചിൻ നവവൈദികർ ദിവ്യബലിയ്ക്ക് കാർമ്മികത്വം വഹിച്ചു. തൃശൂർ രൂപതയിലെ ഫ്രാൻസിസ്ക്കൻ സന്യാസസമൂഹങ്ങളിൽനിന്നായി വൈദികർ, സന്യാസസഹോദരന്മാർ, സന്യാസിനികൾ എന്നിവരെക്കൂടാതെ തൃശൂർ അതിരൂപതാ സെക്കുലർ ഫ്രാൻസിസ്ക്കൻ ഓർഡറിലെ അത്മായർ എന്നിങ്ങനെ 150-ൽപരം പേർ സമ്മേളനത്തിൽ പങ്കെടുത്തു.



# മേജർ ആർച്ച് ബിഷപ്പിന്റെ സന്ദർശനം

**മരത്താക്കര :** മലബാർ മിഷനറി ബ്രദേഴ്സിന്റെ കേന്ദ്രഭവനത്തിൽ സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ആകസ്മിക സന്ദർശനം നടത്തി. ജനറലേറ്റിൽ എത്തിച്ചേർന്ന മേജർ ആർച്ച് ബിഷപ്പിനെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിലും സുപ്പീരിയർ ബ്രദർ സാനി അഞ്ചാനിക്കലും ചേർന്ന് സ്വീകരിച്ചു. ഏവരോടും കുശലാന്വേഷണം നടത്തി എല്ലാ മംഗളങ്ങളും നേർന്ന് ഏതാനും സമയത്തിനും ശേഷം പിതാവ് തിരിച്ചുപോയി.

# ആദരാഞ്ജലികൾ, പ്രാർത്ഥനകൾ





**വെണ്ടോർ :** ദിവംഗതനായ ബ്രദർ ലൂയിസ് മഞ്ഞളി എം. എം. ബി. യുടെ സഹോദരൻ ശ്രീ. മഞ്ഞളി ഈനാശു മകൻ ലോനപ്പൻ നിര്യാതനായി. 91 വയസ്സുണ്ടായിരുന്ന അദ്ദേഹം വാർദ്ധക്യസഹജമായ രോഗങ്ങളാൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി കിടപ്പിലായിരുന്നു. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ, പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് എന്നിവരോടൊപ്പം നിരവധി സഹോദരന്മാർ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിക്കുകയും കുടുംബാംഗങ്ങൾക്ക് അനുശോചനം അറിയിക്കുകയും ചെയ്തു. സുപ്പീരിയർ ജനറലും മറ്റനേകം സഹോദരന്മാരും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.





**Kidangoor (Angamaly):** Mr. Varghese Chakunny the beloved Brother of Bro. Devaraj Plackayil called to eternal rest on June 07, 2024 at 12.20 PM. He was 69 and was undergoing treatment for heart problems for the last nine months. He was blessed with a son. His funeral was on June 08, 2024 at 03.00 PM. A good number of brothers visited his mortal remains and prayed for the repose of the soul. Many Brothers participated in the funeral of Mr. Varghese including Superior General, General Councilors, Provincial Superior, Councilors of both Province and members of different communities. MMB Superior General Bro. Bastin Karuvelil paid homage to him and consoled the family. In his eulogy Bro. Jose Chungath MMB, Provincial Superior of St. Thomas Province, shared many of his personal reminiscences about him and wished that he will be remembered for ever for his wonderful service for his family, community and to the Church in different ways.





**Kuzhuppilly (Paravur):** Mrs. Rosy Joseph Manjooran the beloved sister of MMB founder Very Rev. Msgr. Zacharias Vazhappilly passed away on June 11, 2024. She was 94. Her funeral was on May 25, 2018 at 04.00 PM. MMB Superior General Bro. Bastin Karuvelil expressed condolences to the family and prayed for her eternal life. MMB provincial superiors, Bro. Jose Chungath MMB & Bro. Sojan Paikada MMB paid homage to the departed soul. A good number of brothers participated in the funeral and paid homage to her. Bro. Jose Chungath MMB, Provincial Superior of St. Thomas Province, gave the eulogy and said that Mrs. Rosy Joseph will be live in the mind of not only in her siblings and beloved once, but also of those whom knows her. He wished that together with her brother Msgr. Zacharias Vazhappilly she too will be honoured in the alter of the Churches soon.

We, the brothers of the Malabar Missionary Brothers, give our tribute to the departed souls and acknowledge our heartfelt condolence to the sorrowing families. May the Almighty Lord allow their souls to enter His eternal kingdom!

# ENTERED NOVITIATE



**Mariapuram (Thrissur):** Five postulants of the Assisi Province of the Malabar Missionary Brothers entered into novitiate. Again five more 'butterflies' appeared in St. Martin Novitiate Garden. They are Roshan Ekka, Pritam Lakara, Vikas Ekka, Adip Bara, and Pawan Minj. Roshan from Ambikapur (Chhattisgarh) and all others are from Gumla (Jharkhand). When they reached the new 'garden'; Rev. Bro. Savio Olakkengil, the House Superior and Rev. Bro. Paulose Arumbuparambil, Novice Master, gave them a cordial welcome.

They entered into the Novitiate at St. Martin Novitiate House, Mariapuram, Thrissur, Kerala on June 12, 2024. The special prayer service for the novitiate entrance was started at 6.15 pm. Very Rev. Bro. Bastin Karuvelil, Superior General, received them into Novitiate during the special prayer service. V. Rev. Bro. Edwin Kuttical, Vicar General, V. Rev. Bro. Jose Chungath, Provincial Superior, St. Thomas Province, and Rev. Fr. Jose Ainikal, Chaplain, Novitiate House, together with many other brothers from St. Thomas Provincial house and the neighbouring communities participated in the entrance ceremony.

# BRO. BASTIN CRI BROS. SECTION EXCECTIVE MEMBER



**ബംഗളൂരു :** ഇന്ത്യയിലെ കത്തോലിക്കാ സന്യസ്തരുടെ സംഘടനയായ CRIയുടെ ബ്രദേഴ്സ് വിഭാഗത്തിന്റെ ഭരണസമിതിയംഗമായി മലബാർ മിഷനറി ബ്രദേഴ്സിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ തെരഞ്ഞെടുക്കപ്പെട്ടു.ബംഗളൂരുവിൽ ചേർന്ന CRI വാർഷിക ജനറൽ ബോഡി യോഗത്തിൽ വച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്. ബ്രദർ ബാസ്റ്റിനെ CRI അംഗങ്ങൾ അനുമോദിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർമാരായ ബ്രദർ ജോസ് ചുങ്കത്ത്, ബ്രദർ സോജൻ പൈകട എന്നിവരെക്കൂടാതെ മറ്റ് എം. എം. ബി. സഹോദരന്മാരും ബഹു. സുപ്പീരിയർ ജനറലിനെ അഭിനന്ദിക്കുകയും വിജയാശംസകൾ നേരുകയും ചെയ്തു.



## Remembrance

### July

| | | |
|---|---|---|
| 03 | Bro. Thomas Clement Njarackatt | F |
| | Bro.Tom Alan | F |
| | Bro. Thomson Komban | F |
| | Bro.Tomy Aramath | F |
| | Bro. Thomas Kollamparambil | F |
| 15 | Bro. Balam Suji Kujur | B |
| 20 | Bro. Flavian Punerthamkunnel | F |
| 22 | Bro. Berchumens Thekkan | D |
| 25 | Bro. James Karikkattil | F |
| | Bro. Shaji Lokose Naramangalath | F |
| 28 | Bro.Theophin Thaliyan | D |
| 29 | Fr. Martin Malekudiyil OFM Cap. | D |
| 31 | Bro. Sunnylal Avarappattu | F |
| | Bro. Vianney Pookkodan | D |

### August

| | | |
|---|---|---|
| 7 | Bro. Vincent Kollannur | D |
| 14 | Bro. Joseph Payyappilly | D |
| 14 | Bro. Gabriel Pazhayattil | D |
| 15 | Bro. Dennis Vallippalam | D |
| 20 | Bro. Thomas Kachhap | B |
| 21 | Bro. Pius Chittilappilly | F |

F - Feast Day  B - Birthday  D - Death Anniversary

Published by the Department of Public Relations, **MMB Generalate, Marathakkara**
Thrissur – 680 306 Kerala - India. Phone: 0487 2355203. email: mmbgeneralate@gmail.com
Chief Editor: **Bro. Paulose Arumbuparambil** | Sub-Editors: **Bro. Francis Pynadath** | **Bro. Fidelis Kaprayil**

*Design and layout*: **Union Press**
Mariapuram, Thrissur, Kerala, India
mmboffset1@gmail.com | 9605 015 095